(സി) പുതിയ മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായം നൽകുന്നു വെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ സഹകരണ മേഖലയിൽ ഐ.സി.ഡി.പി. പ്രകാരം ആരംഭിച്ച 57 എണ്ണവും എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച 5 എണ്ണവും ഉൾപ്പെടെ 62 തൊണ്ടതല്ല് ചകിരി മില്ലുകൾ സഹകരണ മേഖലയിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവയിൽ 30 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു. പ്രോജക്ട് ഏതിയതിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

നോർത്ത് പറവൂർ പ്രോജക്ടിന്	..	1	എണ്ണം
തൃശ്ശൂർ	..	1	,,
പൊന്നാനി	..	7	,,
കോഴിക്കോട്	..	4	,,
കണ്ണൂർ	..	17	,,
ആകെ	..	30	,,

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) സഹകാര്യമേഖലയിൽ പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികളുടെ വിലയുടെ 50 ശതമാനം തുക 5 ലക്ഷത്തിൽ പരിമിതപ്പെടുത്തി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഡീഫൈബറിംഗ് മില്ലുകൾ

101 [2968] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, എൻ. ഡി. അപ്പച്ചൻ:

,, വി. ജെ. പൗലോസ്:

,, ടി. യു. രാധാകൃഷ്ണൻ:

,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡീഫൈബറിംഗ് മില്ലുകൾ നിലവിലുണ്ട്;

(ബി) കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ അനുവദിക്കാനുദ്ദേശമുണ്ടോ;

(സി) സംസ്ഥാനത്ത് ചകിരി ഇപ്പോൾ ആവശ്യത്തിന് ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ആവശ്യമുള്ള ചകിരി എവിടെ നിന്നെല്ലാമാണ് കൊണ്ടു വരുന്നത്;

(ഇ) ചകിരിക്ക് ഇപ്പോൾ എന്തു വിലയുണ്ട് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഐ.സി.ഡി.പി. പ്രകാരം 56-ഉം എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് 5-ഉം ഉൾപ്പെടെ 61 ഡീഫൈബറിംഗ് മില്ലുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിൽ 28 മില്ലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നു.

(ബി) സ്വകാര്യമേഖലയിൽ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുവാൻ ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്.

(സി) ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കർണ്ണാടകത്തിൽ നിന്നും കയർഫെഡ് വഴിയും ലക്ഷദ്വീപിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴിയും ചകിരി വിലയ്ക്കു വാങ്ങികൊണ്ടുവരുന്നുണ്ട്. ഇവിടെ പണിയെടുക്കാൻ കഴിയുന്ന ഡീഫൈബറിംഗ് മില്ലുകളിൽ നിന്നും തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഡീഫൈബറിംഗ് മില്ലുകളിൽ നിന്നും വാങ്ങിയും കൂടാതെ ഒരു താൽക്കാലിക സംവിധാനമായി ഇറക്കുമതി ചുങ്കം കൂടാതെ ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുവാനുള്ള ഇംപോർട്ട് ഫോർ റീഎക്സ്പോർട്ട് സ്കീം അനുസരിച്ചും ഇറക്കുമതി ചെയ്യുന്നു. അഡ്വാൻസ് ലൈസൻസിൽ ചകിരി ഇറക്കുമതിക്ക് ലൈസൻസിന് കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ ചകിരിക്ക് ക്വിന്റലിന് 1210 രൂപ മുതൽ 1550 രൂപ വരെ വിലയുണ്ട്.

കയർബോർഡിന്റെ അംഗസംഖ്യ

102 [2969] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർബോർഡിന്റെ അംഗസംഖ്യ എത്രയെന്നും ഇതിൽ സംസ്ഥാനത്ത് നിന്നുമുള്ള എത്രപേർ അംഗങ്ങളായി ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കയർ വ്യവസായ വികസനത്തിന് 1990-1991 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും കയർ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ/സ്കീമുകൾ ഏതെല്ലാമാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതി/സ്കീമുകളിൽ ഏതെല്ലാം സംസ്ഥാനത്ത് നടപ്പിലാക്കിയെന്നും ഇതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly